**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - പുനർവിന്യാസം മുഖേന തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ ജോലിചെയ്തുവരുന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീ.ഷിബു ജേക്കബ്-നെ എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3239/2018/ തസ്വഭവ** **തിരുവനന്തപുരം, തീയതി, 24.12.2018**

പരാമർശം: 1) സ.ഉ.(സാധാ) നം.254/2015/ തസ്വഭവ തീയതി 31.07.2015

2) ഗ്രാമവികസന കമ്മീഷണറുടെ 13.08.2018 ലെ 5806/ എസ്റ്റാ.സി3/2018/ സിആർഡി നം കത്ത്

3) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.12.2018 ലെ എസ്.എ(4)44215/16 നം കത്ത്

**ഉത്തരവ്**

പരാമർശം (1)- ലെ ഉത്തരവ് പ്രകാരം പുനർവിന്യാസം മുഖേന മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ ജോലിയിൽ തുടരുന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ സീനിയർ ക്ലാർക്കായ ശ്രീ. ഷിബു ജേക്കബ് എറണാകുളം ജില്ലയിലെ മരട് നഗരസഭ, കളമശ്ശേരി നഗരസഭ, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭ എന്നീവിടങ്ങളിലെവിടേക്കെങ്കിലും പുനർവിന്യാസ സ്ഥലം മാറ്റം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ ക്ലാർക്കിന്റെ ഒഴിവുള്ളതായി പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പുനർവിന്യാസം മുഖേന മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ ജോലിയിൽ തുടരുന്ന ശ്രീ. ഷിബു ജേക്കബിനെ എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം

സെക്രട്ടറി, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം

ശ്രീ. ഷിബു ജേക്കബ്, സീനിയർ ക്ലാർക്ക്, തിരൂരങ്ങാടി ബ്ലോക്ക് (വകുപ്പ മേധാവി മുഖേന).

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ